# *Govt Boys HSS Harippad*

ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം

# സർഗവസന്തം



**2019-20**

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

# ആമുഖം

ശാസ്ത്രത്തിൻേറയും സാങ്കേതികതയുടേയും ഊർജ്ജപ്രവാഹത്തിൽ ഈ 'സർഗോത്സവം' വിദ്യാർത്ഥികളിൽ സർഗ്ഗവസന്തം തീർക്കട്ടെ.

മാനവികതയുടെമഹാപ്രയാണത്തിൽ അനിവാര്യമായ വിവരസാങ്കേതിക വിദ്യ വിസ്മയങ്ങൾ തിർക്കുന്ന കാലത്തിലൂടെയാണ് നാംകടന്നുപോകുന്നത്. സാഹിത്യവും സാങ്കേതികവിദ്യയും കൈകോർത്ത് പിടിയ്ക്കുണ ഈ ക്യാൻവാസിലൂടെ, വിദ്യാർത്ഥികൾ നവയുഗസൃഷ്ടിയുടെ നവ്യാനുഭവം പകരുന്നു.

# കിനാവ്

കാണുന്ന ഞാനെന്റെയന്ത
രംഗത്തിലാ മധുരക്കിനാ
ക്കളെ എന്നുമെന്നും.
കാണാനിരിക്കുന്ന മനതാരി
ലിനിയുമാസുന്ദരാവുകൾതൻ
മായകൾ

നിദ്ര പൂകുന്നൊരു രസ കാണും
കിനാക്കളെ ഗന്ധർവ്വ കന്യകളെ.
നിദ്രപൂകാനെന്നെയനുവദിക്കാ
ത്ത കിനാക്കളെ ധീരയോദ്ധാ
ക്കൾ നിങ്ങൾ.
മനസ്സിന്റെ താമരപ്പൊയ്കയിൽ

വിരിയും കിനാക്കളള

സൗന്ദര്യറാണിമാരെ

ഇനിയും നിൻ മധുരമാം

മധു നുകരാനായ്

കാത്തിരിക്കുന്ന

കൃതാർത്ഥനായ്ഞാൻ

SANOOP NAMBOOTHIRI K.A

VIII C

# THE GIANT AND THE CLEVER MONKEY KING

Once Upon a time there lived a group of monkeys in a forest. There was a monkey king to lead them. The monkey king was very clever. They lived happily in the forest near a pond. In summer season that pond was the only source of water for all the animals in that forest. After some months a giant came to the forest. Whenever the giant was hungry he came to the pond and hid underwater. When animals came to drink water from the pond the giant catch them and ate them. When the monkeys came to drink water from the pond, the monkey king stopped them. He noticed many foot prints going to the pond. But none of them returned. The king sensed some danger. He cut some bamboo stick and asked the monkey to suck water from the pond. Everyone obeyed. Soon every animals did like that. The giants plan failed and

went from the forest. The animals praised the monkey king for wisdom

ALVIN SAJI 9B

# കഥ

## കിട്ടിയതിൽ പാതി

കള്ളൻ ഗുമ്മു മോഷ്ടിക്കാൻ ഒരു വലിയ വീടു കണ്ടുവച്ചു. രാത്രിയിൽ അവിടെ മോഷ്ടിക്കാനെത്തിയപ്പോൾ അതാ മറ്റൊരു കള്ളൻ.തിമ്മു!

“ഹും,ഞാനിവിടെ മോഷ്ടിക്കും നീ നിന്റെ പാട്ടിനു പോ.” അവർ തർക്കമായി ഒടുവിൽ ഗുമ്മു പറഞ്ഞു."ഞാൻ കയറി മോഷ്ടിക്കാം. കിട്ടുന്നതിൽ പാതി തന്നേക്കാം.”

അതു സമ്മതിച്ചുസന്തോഷത്തോടെ തിമ്മു പുറത്തു നിന്നു. ഗുമ്മു മതിൽ ചാടി അകത്തു കടന്നു.അല്പം കഴിഞ്ഞപ്പോൾ ഗുമ്മു തിരിച്ചെത്തി എന്നിട്ട് തിമ്മുവിന്റെ കൈ പിടിച്ച് ഒറ്റക്കടി!

“ഹയ്യോ... ഇതെന്താ?” "കിട്ടിയതിൽ പാതി തന്നതാ. അവിടത്തെ പട്ടി എന്നെ രണ്ടുതവണ കടിച്ചു.”

Jyothish 9B

# ഒരു മത്തില് നിന്നും സ്വപ്നത്തിലേക്കു

## വീണനക്ഷത്രം

ഇന്ത്യയുടെ ചരിത്രത്തിലെ അഭിമാനസ്വപ്നമാണ് സച്ചിൻ ടെണ്ടുൽക്കർ.




ബാല്യകാലംമുതല്ക്കുതന്നെസ്ഥിരോത്സാഹത്തിൻെറയും മൂല്യാധിഷ്ഠിത ജീവിത മാതൃകയുടെയും സമുജ്ജ്വല പ്രതീകമായി മാറിയ ,
ക്രിക്കറ്റ് ലോകത്തിലെ അത്ഭുത പ്രതിഭാസമായ സച്ചിൻ ടെണ്ടുൽക്കർ 200-ാം ടെസ്റ്റ് മത്സരത്തിനു ശേഷം ക്രിക്കറ്റിനോട് വിടചൊല്ലിയെങ്കിലും സച്ചിൻ ഭാരതജനതയ്ക്കാകെ ഇന്നും ഒരു അഭിമാന പുത്രനാണ്. നമ്മുടെ

രാജ്യത്തിൻെറ പരമോന്നത ബഹുമതിയായ ഭാരതരത്നം നൽ
കി ക്രിക്കറ്റിലെ ആദർശരത്നമായ സച്ചിനെ നമ്മുടെ രാഷ്ട്രം
ആദരിച്ചപ്പോൾ സച്ചിൻ ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ
കൂടിയാണ് ആദരിക്കപ്പെട്ടത്.

ബാല്യം മുതൽക്കു തന്നെ ഊർ
ജ്ജസ്വലനായിരുന്നു സച്ചിൻ. ചോരത്തിളപ്പിൻെറ
ബാല്യകാലത്ത് സച്ചിൻ ഒരു മാവിൽ
വലിഞ്ഞുകയറുകയുണ്ടായി. എന്നാൽ മരം കയറ്റത്തിൽ
വിജയശ്രീലാളിതനാകാൻ സച്ചിനു കഴിഞ്ഞില്ല മരത്തിൽ
നിന്നും പിടിവിട്ട് താഴെ വീണപ്പോൾ
അതൊരുവഴിത്തിരിവായി സച്ചിനു മാറി എന്നതാണ് യാഥാർ
ത്ഥ്യം. മരം കയറ്റം എന്ന ശീലം തൻെറ സഹോദൻെറ ഊർ
ജ്ജസ്വലതയെയാണ് സൂചിപ്പിക്കുന്നതെ ന്ന് തിരിച്ചറിഞ്ഞ
ജ്യേഷ്ഠൻ അജിത്ത് സച്ചിനിലെ ഊർജ്ജത്തെ ശരിയായ
വഴിയിൽതിരുച്ചുവിട്ടാൽ അതവനെ ഉയരങ്ങളിൽഎത്തിക്കും
എന്നുതിരിച്ചറിഞ്ഞ് ക്രിക്കറ്റിലേക്ക് സച്ചിൻെറ ശ്രദ്ധയെ
വഴിതിരിച്ചുവിടുകയാണുണ്ടായത്.

VINAYAK 8C

# THE MAGIC OF CHEMISTRY

* Barium + sodium + sodium
  Ba + Na + Na =BANANA

* Oxygen + Radium +Nitrogen + Germanium
  O +Ra +N + Ge=Orange

* Fluorine +Iodine +Sulphur +Hydrogen
  F + I + S + H =FISH

*Cobalt + Calcium + Cobalt +Lanthanum
  Co + Ca + Co + La =COCACOLA

*Lithium + Oxygen + Nitrogen
  Li + O +N =Lion

MADAV 9C

# സമയമില്ല

കുസൃതിക്കുരുന്നവന് വികൃതികാട്ടുന്നവന്
അവനുമില്ലനേരം കളിയാടീടാനൊട്ടും
അക്ഷരം പഠിക്കണം ശിക്ഷയായ് വളരണം
പത്തടിക്കുമ്പോഴേക്കും പുസ്തകംഎടുക്കണം
കൂട്ടരോടോത്തുചേര്ന്ന് ചിട്ടയായ്പഠിക്കണം
കോട്ടവുണ്ടാകാതൊരു മിടുക്കനായീടണം
കൊഞ്ചലുമാറീടാത്ത ചാഞ്ചല്യം വിട്ടിടാതെ
കൊഞ്ചുന്നമൊഴികള്ക്കും സമയമില്ലതെല്ലും
ഇങ്ങനെ പറഞ്ഞിടും മകനെനോക്കിവേഗം
അമ്മയോ കഥിക്കുന്നു സമയില്ലമോനെ
പത്തടിച്ചുലോ വേഗം നടക്കാം ടൃൂഷന്
ഒട്ടുംതാമസിക്കേണ്ട കൂട്ടത്തില്ഞാനുംവരാം
സമയമില്ലാപോലും സമയമില്ലാപോലും
ഒന്നിനുമില്ലനേരം ഇന്നുഞാന് വരുന്നില്ല

ശ്രീജിത്ത്.S

9A

# പള്ളിക്കൂടം

അരിച്ചുകയറുന്നിതിപ്പൊഴും മൂക്കിൽ

തണുത്ത പൊതിച്ചോറിൻറ ഗന്ധം

ഉള്ളിൽ തെളിഞ്ഞു നിൽക്കുന്നിതിപ്പൊഴും

കറുത്ത ബാൻഡിട്ട പുസ്തകക്കെട്ടുകൾ

തല്ലുകിട്ടാതിരിക്കാൻ തൊട്ടുരിയാടാതടർത്തിയ പാണലിലകൾ

ഉത്തരം മറക്കാതിരിക്കാൻ കെട്ടിവച്ച എഴുമ്പുല്ലിന്ത ഗ്രന്ഥങ്ങൾ

പഠിയ്ക്കായ്ക്കയുടെ പരിഭവം പങ്കിട്ടെടുത്ത  ചൂരൽ പ്പാടുകൾ

കേട്ടെഴുത്തിൻ കെട്ടുവള്ളികൾ പൊട്ടിച്ചെറിഞ്ഞ മണിയൊച്ചകൾ

മോണിട്ടറുടെ കടലാസിൽ കുറിക്കപെടാതെപോയ അടക്കം    പറച്ചിലുകൾ



വഴിവക്കിലെ വർത്തമാനങ്ങൾക്ക് മധുരം പകർന്ന മുള്ളൻകായ്കൾ

നിരത്തിനിർത്തിയ വരാന്തയിൽനിന്ന്
ഏറ്റുവാങ്ങിയ എഴുത്തുശിക്ഷകൾ
ഇറക്കിവിട്ട മൈതാനത്തേയ്ക്ക് ഒഴുകിയെത്തിയ
ഒന്നാകലിൻെറ വിയർപ്പുതുള്ളികൾ
ഒടുവിൽ അകലുമെന്നുറപ്പായപ്പോൾ അടർന്നു വിണ
സ്നേഹത്തിൻെറ കണ്ണീർത്തുള്ളികൾ
എഴുതി നിറച്ച ഓട്ടോഗ്രാഫുകൾ
ഇരച്ചുകായറുന്നിതെപ്പോഴുമുള്ളിൽ
കാലം തിരിച്ചുതരില്ലിവയൊന്നും എന്നതോന്നൽ...

SREESANTH 8A

## ലേഖനം

# അധുനികലോകവും ടെക്നോളജിയും

കാലം മുന്നോട്ടു സഞ്ചരിക്കുന്തോറും ടെക്നോളജിയും അതി വേഗത്തിൽ മുന്നേറിക്കോണ്ടിരിക്കുകയാണ്. അറിവിന്റെ ഉപയോഗരൂപത്തെയാണ് പൊതുവെ ടെക്നോളജി അഥവാ സാങ്കേതിക വിദ്യ എന്നുപറയുന്നത്.പ്രകൃതി വിഭവങ്ങളെ ലളിതമായ ഉപകരണങ്ങളാക്കി മാറ്റിയതാണ് മനുഷ്യൻ ഉപയോഗിച്ച ആദ്യത്തെ സാങ്കേതിക വിദ്യ എന്നു കണക്കാക്കാം. ചരിത്രാതീത കാലത്തെ തീയുടെ കണ്ടുപിടുത്തം ആഹാരസ്രോതസ്സുകൾ വർദ്ധിപ്പിക്കാൻ മനുഷ്യനെ സഹായിച്ചു. പിന്നീടുവന്ന ചക്രത്തിന്റെ കണ്ടുപിടുത്തം ഒരു വലിയ ഗതാഗതവിപ്ലവം തന്നെ സൃഷ്ടിച്ചു.

അച്ചടിയന്ത്രത്തിന്റെയും ടെലിഫോണിന്റെയും ഇന്റർനെറ്റിന്റെയും

കണ്ടുപിടുത്തങ്ങൾ ആശയ വിനിമയത്തിനുള്ള പരിമിതികൾ കുറയ്ക്കുവാൻ പ്രധാന പങ്കുവഹിച്ചിട്ടുള്ളവയാണ്.സൈനീക സാങ്കേതിക വിദ്യയിലെ വളർച്ച കുടുതൽ ഉപയോഗ പ്രദമായ ആയുധങ്ങൾ നിർമ്മിക്കാൻ വളരെയേറെ സഹായകമായി.

ബൾബിൻെറ കണ്ടുപിടുത്തം ഒരു ലോക ജനതയ്ക്കു മുഴുവൻ വെളിച്ചം കാട്ടി.സ്മാർട്ട് ഫോണുകനുടെ കണ്ടുപിടുത്തം ലോകത്തിൽ ഒരു വലിയ തരംഗം തന്നെ സൃഷ്ടിച്ചു.

സാങ്കേതിക വിദ്യയുടെ അതിവേഗതയാർന്ന മുന്നേറ്റം ലോകത്തിൽ ഫലപ്രദമായ വലിയ വലിയ വിപ്ലവങ്ങൾ ഇനിയുള്ള കാലത്തും സൃഷ്ടിച്ചു കൊണ്ടിരിക്കുക തന്നെ ചെച്ചുമെന്നുള്ള കാര്യം നൂറു ശതമാനം ഉറപ്പ് .

Abhinand.M 8C

Story

# Kind Hearted Harry

In a land in England, there was a farmer named Simon, the farmer had three sons. Johny, George, Harry. Harry was the youngest among his brothers and he was very good looking, kind hearted. One day, the farmer sent Johny to the forest to collect some wood. His mother gave him a lunch of delicious pancakes and a bottle of grape  vine. When Johny was cutting a tree and making wood, it became the time for the lunch. He sat down and started to eat. That time, a old man was walking towards him. The old

man asked, 'Hi son, would you share me your food please, I was starving these days please be kind'. Jonny said 'I will not give any bit of my food. Go away you old man'. The old man went sadly. When finishing the lunch, Johny again started to cut the wood. But suddenly the axe hit on Johny's arm, he went to home. Next day, George had to go to the forest and collect wood. The mother gave him also some pancakes and some wine. It was lunch time, George started to eat, and again the old man asked George, 'Hi son, would

you share me your food, I am hungry' but George also said, 'No, I would not like to share my food to you, go away'. That day also the old man went sadly. The third day, Harry begged to his father to sent him to collect wood. His father gave him

permission and Harry was happy. His mother only sent him a piece of dry bread and a bottle of water. After collecting some wood he was hungry and sat down to eat. Again the old man came to Harry and asked ‘Hi boy if you don’t mind, would you please share your lunch with me?’ Harry said ‘Sure, but I have only a piece of dry bread and some water. If you want, sit with me.’The old man agreed and both of them had a heartly lunch.‘The old man, satisfied and said. You are a very kind hearted boy. You will get your reward for your kindness. Saying this, the old man went away. When Harry started to cut down a tree, he saw a golden goose and a box of gold, diamonds and jewels. Harry became very happy.At last, Harry got his reward for ‘***KINDNESS’***

***By***
***RAHUL RAJEEV***
***VIII C***

## ചോക്ലേറ്റ് വിശേഷം

ആയിരത്തി അഞ്ഞൂറ്റി പത്തൊൻപതിൽ സ്പെയിനിലെ ഹേർനൻ കോർസ് മെക്സിക്കോയിലെ അസ്റ്റെക്കിൽ പോയപ്പോൾ ഒരു സ്വർണചഷകത്തിൽ സുഗന്ധമുള്ള ഒരു പാനൃയം അദ്ദേഹത്തിന് ലഭിച്ചു. വിശിഷ്ടാതിഥികൾക്ക് മാത്രമേ ഈ പാനീയം നൽകാറുള്ളു.അന്നാട്ടുകാർ ചോക്ലേറ്റ് എന്നാണിതിന് പറഞ്ഞിരുന്നത്. ഒരു മരത്തിൻെറ കായിൽ നിന്നാണ് ഇത് നിർമ്മിക്കുന്നത്.ഈ കായകൾക്ക് വലിയ പ്രധാന്യമാണ് മെക്സി്ക്കോർ കൽപ്പിച്ചിരുന്നത്. ആദിവാസികളുടെ വിശ്വാസത്തിൽ ദൈവത്തിൽ നിന്നുള്ള വരമാണിത്.

കഥ ഒരു പക്ഷേ ആധികാരികമല്ലെങ്കിലും ദിവ്യത്വം കൽപ്പിക്കപ്പെട്ടിരുന്ന ഒരു പാനൃയമായിരുന്നു

ചോക്ലേറ്റ് എന്നതിൽ സംശയമില്ല.ഇതിൻെറ രുചിയും നിറവും സവിശേഷമാണ്.

കാൾ ലീനസ് ഇതിന് 'തെമ്പ്ഗാമ കോക്കോയ'(ദൈവത്തിൻെറ ആഹാരം)എന്ന് പേരിട്ടതിൽ അത്ഭുതപ്പെടാനില്ല.ഇന്ന് ഇതറിയപ്പെടുന്നത് 'കൊക്കോ' എന്നാണ്.

നമുക്ക് മെക്സിക്കോയിലേക്ക് തിരിച്ചുപോകാം. കൊക്കോ ചെടിയുടെ വിത്ത് എടുത്ത് കോർട്ടസ് അത് സ്പെയിനിൽ നട്ടു. ഒരു നൂറ്റാണ്ടോളം കൊക്കോമരത്തിൻെറ രഹസ്യം സ്പെയിൻകാർ പുറത്തു വിട്ടിരുന്നില്ല. കുടുതൽ പര്യവേക്ഷകർ ലോകസഞ്ചാരമാരംഭിച്ചതോടെയാണ് ഈ രഹസ്യം പുറത്തായത്. 17ാം നൂറ്റാണ്ടില് യൂറോപ്പ് മുഴവൻ ചോക്ലേറ്റ് കുടിക്കാൻ തുടങ്ങി. കോക്കോ നിർ മാണത്തിൽ ഘാന,ബ്രസീൽ, നൈജീരിയ എന്നീ രാഷ്ട്ടങ്ങൾ മുൻപന്തിയിലാണ്.



വിചിത്രമെന്നു പറയട്ടെ, കയ്പേറിയതാണ് കോക്കോയുടെ രുചി.പാലും പഞ്ചസാരയുമാണ്  ചോക്ലേറ്റ് നിർമിക്കാൻ കൊക്കോയിൽ ചേർക്കുന്നത്.

ഇന്ന് ചോക്ലേറ്റ് ലോകവിപണിയിൽ വലിയ തോതിൽ മേൽക്കൈ നേടിയിട്ടുണ്ട്. വ്യത്യസ്ത നിറങ്ങളിലും രൂപത്തിലും വലുപ്പത്തിലുമുള്ള ചോക്ലേറ്റുകൾ ഇന്ന് ലഭ്യമാണ് .

യദു.വി,8C

# അമ്മ

അകലെ കിനാവിൻെറ ഉമ്മറത്തെന്നമ്മ
അരികെവാ എന്നോതി മാടിവിളിക്കവേ
അതുകേട്ടൊരടിയും ചലിക്കുവാൻ കഴിയാതെ
അതിരുകൾക്കിപ്പുറം ഞാനും തളർന്നുപോയി
തിരികെട്ടുപോയ വിളക്കിൻെറ മുമ്പിൻ ഞാൻ
തിരയുന്നു ജിവിത സൗഖ്യങ്ങൾ ഇക്കരെ
ഒരുനാളിൽ ഒരുവേള ഞാനുമെന്നമ്മയും
ഒരുമിച്ചു നിൽക്കുന്ന ചിത്രം ഉണ്ടുള്ളിലായി



ഒരുദിനം സർവസൗഭാഗ്യങ്ങളും പേറി
ഒറ്റമകൻ വരുമെന്ന് നിനച്ചമ്മ

കാത്തു കാത്തു ഒടുവിൽ മൺ മറഞ്ഞുപോയി
ഒരുനോക്ക് കാണുവാൻ കഴിയാതെ നോവും
മുറിവുമായി..... ഷെബിൻ ജോർജ്ജ് .

V111.B

# ആത്മവിശ്വാസം


അപകർഷതാബോധത്തെ അകറ്റുമ്പോൾ ആത്മവിശ്വാസം വർദ്ധിക്കുന്നു.ഒരുവ്യക്തിയുടെ ജീവിതവിജയം നിർണ്ണയിക്കുന്നത് അയാളിൽ ഉള്ള ആത്മവിശ്വാസത്തിൻെറനിലവാരത്തിന് അനുസരിച്ചാണ്. ഒരാളിലെ വ്യക്തിത്വം ആണ് അയാളിൽ ആത്മവിശ്വാസം നിർ-ണ്ണയിക്കുന്നത്. ഒരു വ്യക്തിയുടെ വിജയത്തിന് 85% പങ്കു വഹിക്കുന്നത് അയാളുടെ വ്യക്തിത്വവും ബാക്കി 15% കഴിവുകളും കൂടി ചേർന്നാണ്.

നമ്മെകുറിച്ചു തന്നെയുള്ള പോസിറ്റീവായ ചിന്തകൾ രൂപപ്പെടുത്തി എടുക്കുക്കുന്നതാണ് ഉത്തമം. നമ്മെക്കുറിച്ച് നമ്മൾ മനസിലാക്കുന്ന നെഗറ്റീവായ ചിന്തകൾ;ഉദാഹരണമായി "എനിക്ക് കഴിയില്ല,എന്നെ കാണാൻ കൊള്ളില്ല, എനിക്ക് പഠിക്കാൻ കഴിവില്ല

മുതലായ നെഗറ്റീവ് ചിന്തകളുടെ സ്ഥാനത്ത് പോസിറ്റീവായ ഒരു ചിത്രം നിങ്ങളെക്കുറിച്ചു തന്നെ രൂപപ്പെടുത്തുക.

"മിക്കി മൗസ്" എന്ന കാർട്ടൂൺ പരമ്പര രൂപകൽന ചെയ്ത വാൾട്ട് ഡിസ്നിയുടെ കഥ ആത്മവിശ്വാസത്തിൻെറ ഉദാഹരണമാണ്.യുവാവായ വാൾട്ട് വരച്ച പല കാർട്ടൂൺ പടങ്ങളും പത്രക്കാർ സ്വീകരിക്കാതെ തിരിച്ചയച്ചു. എന്നാൽ ഒരു ദിവസം ഒരു ദേവാലയത്തിലെ പുരോഹിതൻ ചില കാർട്ടൂൺ ചിത്രങ്ങൾ വരയ്ക്കാൻ നിർദ്ദേശിച്ചു.തനിക്കു കാർട്ടൂൺ വരയ്ക്കാൻ ലഭിച്ച മുറി എലികളുടെ സങ്കേതമായിരുന്നു. ഒരു ദിവസം ഒരു കുഞ്ഞു എലി വാൾട്ടിനെ നോക്കിയിരിക്കുന്നതിൽ നിന്നും ഉൾപ്രേരണ വിസ്മയങ്ങളുടെ കാൽവയ്പായ 'ഡിസ്നി ലാൻഡ്'വരെ രൂപകല്പന ചെയ്തത് വാൾട്ട് ഡിസ്നിയാണ്.

“എന്തിന് കണ്ണുനീർ വാർക്കുകയും




വിലപിക്കുകയും ചെയ്യണം.സകല ശക്തിയും നിങ്ങളിലുണ്ടല്ലോ; അതിനെ വിളിച്ചുണർത്തുക അപ്പോൾ പ്രപഞ്ചം നിങ്ങളുടെ കാൽച്ചുവട്ടിൽ വീഴും."

. സ്വാമി വിവേകാനന്ദൻ

# ശുഭം